## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1293** 04.02.2019 -ൽ മറുപടിയ്ക്ക്

### സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരാണ് ജോലിചെയ്യുന്നത്; | എ) സമഗ്രശിക്ഷാ - കേരള പദ്ധതി പ്രകാരം 2018-19 അദ്ധ്യയന വർഷം 2685 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകാരം നൽകുകയും ഇവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനകം 1640 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. |
| ബി) ഇവർക്ക് നിലവിൽ ശമ്പളമായി എന്ത് തുകയാണ് പ്രതിമാസം നൽകുന്നത്; അതിൽ കേന്ദ്ര സംസ്ഥാന വിഹിതമെത്രയാണ്; | ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കേന്ദ്ര വിഹിതമായ 7000/- രൂപയും (ഏഴായിരം രൂപ) സംസ്ഥാന വിഹിതമായ 7000 /-രൂപയും(ഏഴായിരം രൂപ) ചേർത്ത് 14000 /- രൂപയാണ് (പതിനാലായിരംരൂപ)നിലവിൽ വേതനമായി നൽകുന്നത്. |
| സി) കഴിഞ്ഞ അദ്ധ്യായന വർഷം നൽകിയിരുന്ന ശമ്പളം ഈ അദ്ധ്യായന വർഷവും പ്രസ്തുത അദ്ധ്യാപകർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | സി) ഇല്ല. 2018-19 അദ്ധ്യയന വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ 7000/- രൂപ (ഏഴായിരം രൂപ) പ്രതിമാസ വേതനത്തിൽ പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുവനാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| ഡി) സംസ്ഥാനത്തെ സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തിക സ്ഥിരം ഒഴിവായി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; | ഡി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക നിലവിലില്ലാത്ത സ്കൂളുകളിൽ സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ. |
| ഇ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) 2018-19 അദ്ധ്യയന വർഷം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പ്രതിമാസം 7000/- രൂപ(ഏഴായിരം രൂപ) ശമ്പള നിരക്കിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട്ടൈം വ്യവസ്ഥയിൽ നിയമിക്കുവനാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ഇവർക്ക് 7000/- രൂപ (ഏഴായിരം രൂപ)കൂടി അധികവേതനം അനുവദിച്ചതിൻ പ്രകാരം പ്രതിമാസം 14000/- രൂപ (പതിനാലായിരം രൂപ) വേതനമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ